# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 335** — **18.10.2016 ൽ മറുപടിയ്ക്ക്**

### ഉൾനാടൻ ജലാശയ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ : | ശ്രീ.എ.സി.മൊയ്തീൻ<br>[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി] |
| (എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (എ) കേരളം സന്ദർശിക്കുന്ന വിദേശികൾ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണങ്ങളിലൊന്ന് കായൽ ടൂറിസമാണ്. കേരളത്തിലെ ഉൾനാടൻ ജലാശയ വിനോദസഞ്ചാര സാധ്യതകളുള്ള കായലുകൾ, അനുബന്ധ കനാലുകൾ, നദികൾ എന്നിവയിലൂടെ ബോട്ടിംഗിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, ഇവയുടെ തീരങ്ങളിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ വികസനം, കായലുകളുടെയും നദികളുടെയും സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ടൂറിസ്റ്റുകൾക്കുള്ള വിനോദോപാധികൾ, ടൂറിസ്റ്റുകളുടെയും ജലാശയത്തിന്റേയും സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ എന്നിവയാണ് വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| [ബി] | ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയും മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | [ബി] | സ്വീകരിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ഹൗസ് ബോട്ട് ജീവനക്കാരുടെ പരിശീലനം, ഹൗസ് ബോട്ടുകളിൽ "ഹൗസ് ബോട്ട്ട്രാക്കിംഗ് സിസ്റ്റം" ഏർപ്പെടുത്തുന്ന പദ്ധതി എന്നിവയെല്ലാം ടൂറിസറ്റുകളുടെ സുരക്ഷിതത്വം ലക്ഷ്യമാക്കിയുള്ളതാണ്. ടൂറിസം പോലീസിന്റെയും ടൂറിസം രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും, സഹകരണത്തോടെ ബോധവത്കരണപ്രവർത്തനവും, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തലും ഇതിന്റെ ഭാഗമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ